# ദീനും ശരീഅത്തും

**കെ.എ സിദ്ദീഖ് ഹസൻ**

ഇസ്‌ലാമിലെ രണ്ടു സാങ്കേതിക ശബ്ദങ്ങളാണ് ദീനും ശരീഅത്തും. ദീൻ എന്നതിന് ഭാഷയിൽ പല അർഥങ്ങളുമുണ്ട്. ഔന്നത്യം, ആധിപത്യം, രാജത്വം തുടങ്ങി അധികാരത്തെയും പദവിയെയും സൂചിപ്പിക്കുന്നതാണ് ഒന്ന്. മറ്റൊന്ന് താഴ്മ, അനുസരണം, വിധേയത്വം, അടിമത്തം തുടങ്ങി എളിമയെ സൂചിപ്പിക്കുന്നവയും. ആദ്യം പറഞ്ഞതിനു നേരെ വിപരീതമായവ. ഇനിയും ഒരർഥം വിചാരണ, പ്രതിഫലം നൽകൽ തുടങ്ങിയവയെ സൂചിപ്പിക്കുന്നതാണ്. ഈ അർഥങ്ങളിലൊക്കെ വിശുദ്ധ ഖുർആൻ ദീൻ എന്ന പദം പ്രയോഗിച്ചതു കാണാം. ഈ പറഞ്ഞ അർഥങ്ങൾ പരസ്പര ബന്ധമുള്ളവയത്രെ. ആധിപത്യവും അനുസരണവും തമ്മിലും ഔന്നത്യവും താഴ്മയും തമ്മിലും ഉള്ള ബന്ധം പ്രകടമാണ്.

ഇസ്‌ലാമിന്റെ സാങ്കേതികാർഥത്തിൽ അല്ലാഹുവിന്റെ ആധിപത്യവും മഹത്വവും അംഗീകരിച്ച് അവനുമാത്രം കീഴ്പ്പെട്ടും അനുസരിച്ചും ജീവിക്കുന്നതിനാണ് ദീൻ എന്നു പറയുന്നത്. മറ്റു വാക്കുകളിൽ, അഖില പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും സംരക്ഷകനുമായ അല്ലാഹുവെ തന്റെ ഏക ആരാധ്യനും യജമാനനും ആയി അംഗീകരിച്ച് പ്രവാചകന്റെ മാർഗദർശനം സ്വീകരിച്ചുകൊണ്ട് പൂർണ വിധേയത്വം പ്രകടിപ്പിക്കുക എന്നതാണ് ദീൻ. അല്ലാഹുവിനെ ഏക ആരാധ്യനും യജമാനനുമായി അംഗീകരിക്കുന്നവൻ അവന്റെ മാത്രം ആജ്ഞകൾ അനുസരിക്കുകയും അവന്നു മാത്രം ആരാധനകൾ അർപ്പിക്കുകയും ചെയ്യുന്നു. അവന്റെ പ്രവാചകൻ പഠിപ്പിച്ച വിശ്വാസ കാര്യങ്ങൾ യഥാവിധി അംഗീകരിക്കുന്നു. അല്ലാഹുവിന്റെ രക്ഷാശിക്ഷകളെ മാത്രം ആശിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു. അതാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്: "അല്ലാഹുവിങ്കൽ 'ദീൻ' എന്നാൽ 'അൽ ഇസ്‌ലാം' ആകുന്നു" (3:19). അനുസരണം, താഴ്മ, വിധേയത്വം, കീഴ്‌വണക്കം എന്നെല്ലാമാണ് 'ഇസ്‌ലാം' എന്നതിനർഥം. അവ അല്ലാഹുവിനു മാത്രം അർപ്പിക്കുന്ന ഒരു ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. വിശാലമായ ഈ അർഥത്തിലാണ് എല്ലാ പ്രവാചകന്മാരുടെയും ദീൻ ഒന്നായിരുന്നുവെന്ന് പറയുന്നത്. അഥവാ അല്ലാഹു ബോധനം നൽകിയ എല്ലാ പ്രവാചകന്മാരും മൗലികമായി ഒരേ സന്ദേശമാണ് പ്രബോധനം ചെയ്തത്. അവർ കൊണ്ടുവന്ന മൗലിക വിശ്വാസങ്ങളും തദനുസൃതമായ ജീവിതസമർപ്പണവുമാണ് ദീൻ, ഇബാദത്ത്, തൗഹീദ് എന്നൊക്കെ പ്രയോഗിക്കുമ്പോൾ അർഥമാക്കുന്നത്. ഇബാദത്ത് അല്ലാഹുവിനു മാത്രമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് എല്ലാ പ്രവാചകന്മാരും ആഗതമായത് എന്ന് വിശുദ്ധ ഖുർആൻ ഒരിടത്ത് വ്യക്തമാക്കുന്നു (16:36). അഖില പ്രവാചകന്മാരുടെയും ആഗമനോദ്ദേശ്യം തൗഹീദ് സ്ഥാപനമായിരുന്നു എന്നു പറയുന്നതും ഇതേ അർഥത്തിലാണ്. വിശുദ്ധ ഖുർആൻ പരിശോധിച്ചാൽ എളുപ്പം ബോധ്യമാവുന്ന ഒരു വസ്തുതയാണിത്. മുകളിലുദ്ധരിച്ച ഖുർആൻ വാക്യം അതിന് തെളിവാണ്. ഇനിയും ചില ഉദാഹരണങ്ങൾ കാണുക: "ഇസ്‌ലാം ഒഴികെയുള്ള ഒന്നിനെ ആരെങ്കിലും ദീനായി ഇഷ്ടപ്പെടുന്നപക്ഷം അവനിൽനിന്ന് ഒരിക്കലും അത് സ്വീകരിക്കപ്പെടുന്നതല്ല" (3:85). മുകളിലുദ്ധരിച്ച ആയത്തിന്റെ അതേ ആശയമാണിവിടെയും. വേദക്കാരെക്കുറിച്ച് ഖുർആൻ പറഞ്ഞു: "സകല ഭാഗത്തുനിന്നും മുഖം തിരിച്ചു അനുസരണം അല്ലാഹുവിനു മാത്രമാക്കിക്കൊണ്ട് അവനു മാത്രം ഇബാദത്ത് ചെയ്ത് ജീവിക്കാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല" (98:5). മറ്റൊരിടത്ത് ഖുർആൻ ചോദിക്കുന്നു: "അല്ലാഹുവല്ലാത്ത ആരുടെയെങ്കിലും ദീനാണോ അവർ ഇഷ്ടപ്പെടുന്നത്? ആകാശഭൂമികളിലുള്ള സകല വസ്തുക്കളും സ്വമനസ്സാലെയും നിർബന്ധിതമായും അവനെ മാത്രം അനുസരിച്ചുകൊണ്ടിരിക്കുന്നു. അവയെല്ലാം അവങ്കലേക്കുതന്നെയാണ് മടക്കപ്പെടുക" (3:83). പ്രപഞ്ചത്തിലെ സമസ്ത സൃഷ്ടികളും അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായി കഴിയുമ്പോൾ, മനുഷ്യൻ മാത്രം അതിൽനിന്ന് കുതറിച്ചാടാൻ നോക്കുകയാണോ എന്നാണ് ചോദ്യം. പ്രവാചകന്മാരിലൂടെ ദൈവം നൽകിയ ആജ്ഞകൾ പൂർണമായും അനുസരിച്ച് അവനു മാത്രം കീഴ്‌വണങ്ങിയും അവനെ മാത്രം ആരാധിച്ചും ജീവിക്കുന്നതിനാണ് ഇവിടെയെല്ലാം ദീൻ എന്ന് പ്രയോഗിച്ചിരിക്കുന്നത്.

ദീനിന്റെ ഈ വിഭാവന ഇതര മതങ്ങളിൽ കണ്ടെന്നുവരില്ല. ദൈവത്തിന്റെ പ്രവാചകന്മാർ പ്രബോധനം ചെയ്ത സന്ദേശങ്ങൾ കാലാന്തരത്തിൽ മനുഷ്യന്റെ കൈകടത്തലുകൾക്ക് വിധേയമാവുകയും പൗരോഹിത്യവും അധികാരി വർഗവും ചേർന്ന് മതത്തെ ആരാധനയുടെ സങ്കുചിത വലയത്തിൽ ഒതുക്കി നിർത്തുകയുമാണുണ്ടായത്. 'ദൈവത്തിനുള്ളത് ദൈവത്തിന്, സീസർക്കുള്ളത് സീസർക്ക്' എന്ന പ്രമാണം അങ്ങനെ ഉടലെടുത്തതാണ്. ദീൻ എന്നതിന് മതം എന്ന് അർഥം പറയുന്നത് അതിന്റെ ശരിയായ വിവക്ഷയെ മറച്ചുപിടിക്കാനേ ഉപകരിക്കൂ. മതം എന്ന സംസ്കൃത പദത്തിനർഥം സമ്മതം, അഭിപ്രായം, അറിവ്, പൂജ എന്നൊക്കെയാണ്. മതം എന്നമലയാള പദത്തിന്റെ ആശയവും ഏറെയൊന്നും ഭിന്നമല്ല. ഹിന്ദുക്കളുടെ മതസങ്കൽപവുമായി ഈ അർഥകൽപനക്ക് അഭേദ്യമായ ബന്ധമുണ്ട്. ഏതാനും പൂജാവിധികളും ആചാരങ്ങളും ഉൾക്കൊള്ളുന്ന ഒരുതരം ആത്മീയതയാണ് അവർക്ക് മതം. ഏതായാലും ഇതര ഭാഷാപദങ്ങൾക്കോ ഇതര മതസങ്കൽപങ്ങൾക്കോ പൂർണമായി 'ദീനി'ന്റെവിവക്ഷ പ്രതിഫലിപ്പിക്കാനാവില്ല. മതത്തെക്കുറിച്ച അന്യജനവിഭാഗങ്ങളുടെ സങ്കൽപങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനെ സമീപിച്ചത് ഒട്ടേറെ തെറ്റുധാരണകൾക്കിടയായിട്ടുണ്ട്. മുസ്‌ലിംകൾക്കിടയിൽ വരെ ഈ തെറ്റുധാരണ സ്വാധീനം ചെലുത്തിയതായി കാണാം.

ദീനിനെക്കുറിച്ചാണ് നാം പറഞ്ഞുവന്നത്. ഇനി ശരീഅത്ത് എന്നാൽ എന്താണെന്ന് നോക്കാം. മാർഗം, വഴി എന്നൊക്കെയാണ് ഭാഷയിൽ അർഥം. സാങ്കേതികമായി കർമമാർഗം, നിയമം, വ്യവസ്ഥ എന്നിവയാണ് ഉദ്ദേശ്യം. ഈ സാങ്കേതികാർഥപ്രകാരം 'തശ്‌രീഅ്' എന്ന പദം നിയമനിർമാണം എന്നും ശറഅ്, ശരീഅത്ത് എന്നീ പദങ്ങൾ നിയമം എന്നും ശാരിഅ് എന്ന പദം നിയമ ദാതാവ് എന്നുമുള്ള അർഥത്തിൽ പ്രയോഗിച്ചുവരുന്നു. അഖില പ്രപഞ്ചത്തിന്റെയും ഉടമസ്ഥൻ, മനുഷ്യന്റെ

യഥാർഥ രക്ഷാധികാരി, സത്യാസത്യങ്ങളും വിധിനിഷേധങ്ങളും വ്യവഛേദിച്ചറിയാൻ മനുഷ്യന് മാർഗദർശനം നൽകുകയും അവർക്കിടയിലെ തർക്കങ്ങൾക്ക് തീർപ്പ് കൽപിക്കുകയും ചെയ്യുന്ന വിധികർത്താവ് തുടങ്ങിയ അല്ലാഹുവിന്റെ ഗുണവിശേഷങ്ങളുടെ അനിവാര്യ താൽപര്യം കൂടിയാണ്, തന്റെ സൃഷ്ടികളും ദാസന്മാരുമായ മനുഷ്യർക്കു വേണ്ടി നിയമങ്ങൾ നൽകുന്നത് അവനായിരിക്കണം എന്നത്.

പ്രവാചകന്മാർ പഠിപ്പിച്ച മൗലിക വിശ്വാസങ്ങൾ ഉൾക്കൊണ്ട് അവന് കീഴ്വണങ്ങി ജീവിക്കലാണ് ദീൻ എങ്കിൽ അല്ലാഹുവിനെ ആരാധിക്കേണ്ടതിന്റെയും അവന് കീഴ്വണങ്ങി ജീവിക്കേണ്ടതിന്റെയും വിശദമായ നിയമ നിർദേശങ്ങളാണ് ശരീഅത്ത്. നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ ആരാധനാ കാര്യങ്ങൾ, സാന്മാർഗിക നിയമങ്ങൾ, സാംസർഗിക വിധികൾ, സിവിൽ-ക്രിമിനൽ നിയമങ്ങൾ തുടങ്ങി ജീവിതത്തെ സമഗ്രമായുൾക്കൊള്ളുന്ന ദീനിന്റെ മാർഗമാണ് ശരീഅത്ത്. ദീൻ അടിസ്ഥാനവും ശരീഅത്ത് അതിന്റെ പ്രായോഗിക വിശദാംശവുമാണ്. ദീനിനെ തായ്‌വേരായി സങ്കൽപിക്കാമെങ്കിൽ ശരീഅത്തിനെ ശാഖോപശാഖകൾ അടങ്ങുന്ന വൃക്ഷമായും കണക്കാക്കാം. ദീൻ എന്നാൽ അടിത്തറയാണ്. അതിന്മേൽ പടുത്തുയർത്തുന്ന സൗധമാണ് ശരീഅത്ത്. എല്ലാ പ്രവാചകന്മാരുടെയും ദീൻ ഒന്നുതന്നെയായിരുന്നു. അവരെല്ലാം പ്രബോധനം ചെയ്ത മൗലികാദർശം ഒന്നായിരുന്നു. എന്നാൽ പ്രസ്തുത അടിത്തറയിൽ പടുത്തുയർത്തിയ കെട്ടിടത്തിന്റെ രൂപഭാവങ്ങളിലും വിശദാംശങ്ങളിലും സ്ഥലകാല പരിതഃസ്ഥിതികൾക്കനുസരിച്ച ചില്ലറ വ്യത്യാസങ്ങളുണ്ടായിരുന്നു. അതെ, ദീൻ ഒന്നായിരുന്നുവെങ്കിലും ഓരോ പ്രവാചകന്റെയും ശരീഅത്ത് ഭിന്നമായിരുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ''നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമസംഹിതയും (ശിർഅഃ) കർമമാർഗവും (മിൻഹാജ്) നാം നിശ്ചയിക്കുകയുണ്ടായി. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ നിങ്ങളെയെല്ലാം അവൻ ഒരേ സമുദായമാക്കുമായിരുന്നു. പക്ഷേ അവൻ നിങ്ങൾക്ക് നൽകിയതിൽ നിങ്ങളെ പരീക്ഷിക്കാൻ ഉദ്ദേശിക്കുന്നു" (5:48).

വിവിധ ജനസമുദായങ്ങളിൽ ആഗതരായ പ്രവാചകന്മാർക്ക് വ്യത്യസ്ത ശരീഅത്തുകൾ അല്ലാഹുതന്നെ നിശ്ചയിച്ചുകൊടുത്തതാണ്. ശരീഅത്തുകൾ തമ്മിലുള്ള ഭിന്നത മൗലികമല്ലെന്നും അത് നിങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാൻ കാരണമാക്കേണ്ടതില്ലെന്നും ദീൻ ഒന്നായിരിക്കെ ശരീഅത്തുകൾ ഭിന്നമാവുന്നതിൽ അല്ലാഹു ചില ഉദ്ദേശ്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ഈ വാക്യം വ്യക്തമാക്കുന്നു. ഒരു യജമാനന്റെ കീഴിൽ അനുസരണത്തോടും അച്ചടക്കത്തോടും കൂടി വിവിധ ജോലികൾ ചെയ്യുന്ന ദാസന്മാരെ പോലെയാണ് ഒരേ ദൈവത്തിന്റെ ദീൻ പിൻപറ്റി വിവിധ ശരീഅത്തുകൾ അനുസരിച്ച് ജീവിച്ചു പോരുന്ന സമൂഹങ്ങളുടേത്. എല്ലാവരും യജമാനനെ പൂർണമായും അനുസരിക്കുന്നു. അദ്ദേഹത്തിന്റെ ആജ്ഞാനിർദേശങ്ങൾ ആരും കടുകിട ലംഘിക്കുന്നില്ല. എന്നാൽ ഓരോരുത്തരും ചെയ്യുന്ന ജോലികൾ ഭിന്നമാണെന്നു മാത്രം. ഇവിടെ ഈ ഭിന്നത അനുസരണത്തിനും അച്ചടക്കത്തിനും എതിരല്ലാത്തതു പോലെയാണ് ശരീഅത്തുകൾ തമ്മിലുള്ള ഭിന്നതയുടെ നിലപാട്.

എല്ലാ പ്രവാചകന്മാരുടെയും ദീൻ ഒന്നായിരുന്നുവെന്നത് ശരിതന്നെ.പക്ഷേ, ഓരോ ദീനും അതതിന്റെ കാലഘട്ടത്തിൽ അതുൾക്കൊള്ളുന്ന ശരീഅത്തോടുകൂടിയാണ് ആഗതമായത്. ഓരോ പ്രവാചകനും പ്രത്യേകം പ്രത്യേകം ശരീഅത്തുകളുണ്ടായിരുന്നു. ശരീഅത്ത് കൂടാതെ ഒരു പ്രവാചകനും ആഗതനായിട്ടില്ല. ഏതെങ്കിലും പ്രവാചകന്റെ അനുയായികൾ അദ്ദേഹത്തിന്റെ ദീൻ മാത്രം പിൻപറ്റുകയും ശരീഅത്ത് പിൻപറ്റാതിരിക്കുകയും ചെയ്തതായി കാണുകയില്ല. എന്നല്ല, അത്തരം ഒരു നടപടി ധിക്കാരവും കുഫ്റുമായിരിക്കും. കാരണം, പ്രവാചകൻ ദൈവനിർദേശങ്ങൾ എന്ന നിലക്ക് കൽപിച്ചവ അപ്പടി അനുസരിക്കൽ തദനുയായികളുടെ നിർബന്ധ ബാധ്യതയത്രെ. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക:

''അല്ലാഹുവിന്റെ അനുമതി പ്രകാരം അനുസരിക്കപ്പെടാനല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (4:64). പ്രവാചകനുള്ള അനുസരണം നിർബന്ധമാണ്. എല്ലാ പ്രവാചകന്മാരുടെ അനുയായികൾക്കും ഇത് ബാധകമായിരുന്നു. ചുരുക്കത്തിൽ, വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത ശരീഅത്തുകൾ നിലവിലിരുന്നുവെന്നതിനർഥം ദീനിന്റെ വിഭാവന സങ്കുചിതമായിരുന്നുവെന്നോ, ദീൻ എന്ന പേരിൽ ഏതാനും അടിസ്ഥാനങ്ങൾ പിൻപറ്റിയാൽ മതിയെന്നോ അല്ല. മറിച്ച്, ഓരോ പ്രവാചകന്റെ അനുയായിയും അദ്ദേഹം കൊണ്ടുവന്ന ശരീഅത്ത് ഉൾപ്പെടെയുള്ള ദീനാണ് പിൻപറ്റേണ്ടത്. ഇവ്വിഷയകമായി മൊറോക്കോവിലെ പ്രഗത്ഭ പണ്ഡിതനും ശരീഅത്ത് നിയമങ്ങളിൽ നിഷ്ണാതനുമായ അല്ലാലുൽ ഫാസി പറയുന്നത് കാണുക:

"അല്ലാഹുവിന്റെ പ്രവാചകന്മാർക്ക് അവതരിച്ചതും നിയമമായി കൽപിച്ചതുമായ ദൈവിക വിധികളുടെ സമുച്ചയത്തിനാണ് ദീൻ എന്നു പറയുന്നത്. ഈമാൻ, ഇസ്‌ലാം, ഇഹ്സാൻ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ ഒന്നാണത്. ജിബ്‌രീൽ(അ) വന്ന് ഇക്കാര്യങ്ങളെക്കുറിച്ച് ആരാഞ്ഞ സന്ദർഭത്തിൽ അതുകൊണ്ടാണ് തിരുമേനി (സ) പറഞ്ഞത്: 'അത് നിങ്ങൾക്ക് നിങ്ങളുടെ ദീൻ പഠിപ്പിക്കാൻവേണ്ടി വന്ന ജിബ്‌രീൽ ആണ്'. ഇമാം ബുഖാരി പറയുന്നു: 'അവിടുന്ന് അവയെല്ലാം ദീനായാണ് എണ്ണിയത്. അല്ലാഹുവിങ്കൽ ദീൻ എന്നാൽ ഇസ്‌ലാം ആണ്. അതെ, ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ ദീൻ, ഇസ്‌ലാം എന്നിവ പര്യായ പദങ്ങളാണ്.'

''ഈമാൻ എന്നാൽ ഹൃദയംകൊണ്ട് വിശ്വസിക്കലും, നാവുകൊണ്ട് അത് പ്രകടിപ്പിക്കലും കർമംകൊണ്ട് സാക്ഷാത്കരിക്കലുമാണ്. 'മനാസിക്' (ചടങ്ങുകൾ) കൊണ്ടുള്ള വിവക്ഷ ദൈവദാസന്മാർ അവന് അർപ്പിക്കുന്ന ആരാധനകളാണ്. നമസ്കാരം, നോമ്പ്, ഹജ്ജ്, ബലി എന്നിവ പോലെ. വിശ്വാസത്തിന്റെ പ്രകടമായ ഫലങ്ങളാണ് അവ. ദീനിന്റെ വിവിക്ഷയിൽ ഉൾപ്പെടുന്നവയുമാണ്. ശർഅ് ആകട്ടെ, ദീനിന്റെ ശാഖകളിൽ ഒന്നുമാത്രമാണ്. നിർബന്ധ കർമങ്ങൾ, ഐഛിക കർമങ്ങൾ, ഹലാൽ-ഹറാമുകൾ (അനുവദനീയവും അനനുവദനീയവുമായ കാര്യങ്ങൾ) തുടങ്ങി ദീനിൽ വന്ന പൊതുവോ പ്രത്യേകമോ ആയ നിയമങ്ങളുടെ ഭരണഘടനയാണത്. ഇടപാടുകൾ, രാഷ്ട്രത്തെയും സമൂഹത്തെയും ബാധിക്കുന്ന ശരീഅത്ത് വിധികൾ, ഭരണനിയമങ്ങൾ എന്നിവയെല്ലാം അതുൾക്കൊള്ളുന്നു.

''ശിർഅഃ എന്നാൽ നേരായ മാർഗം എന്നർഥം. ജീവിതത്തിന്റെ അവശ്യോപാധികളെല്ലാം അതിൽ പെട്ടതാണ്. ഭരണനിയമങ്ങളും അതിന്റെ ഭാഗം തന്നെ. അപ്പോൾ ശിർഅത്ത് എന്നാൽ ജീവിതനിമിത്തങ്ങളുടെയെല്ലാം അവക്രമായ ഭരണഘടനയെന്നാണ്.

"ഹുകും അഥവാ വിധിയെന്നാൽ നിയമവ്യവസ്ഥ. കാരണം ശരീഅത്തിൽനിന്ന് അന്യമല്ലാത്ത ഒരു മാർഗമാണ് വിധിയുടേതും. അത്-വിധി അഥവാ ശാസനാധികാരം- അല്ലാഹുവിനാണ്. 'ശാസനാധികാരം അല്ലാഹുവിന് മാത്രമാണ്. അവനല്ലാതെ മറ്റാർക്കും ഇബാദത്ത് ചെയ്യരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു' (12:40).

"ഭരണത്തിന്റെ അവലംബം ശാസനാധികാരമായിരിക്കെ, അതു കൂടാതെ ഭരണം സ്ഥാപിതമാവില്ല. അപ്പോൾ ഭരണവും ദീനിന്റെ ഭാഗമാണ്. അഥവാ ഭര

ണമെന്നത് അനിവാര്യമായും ഖുർആനിക വിധികൾക്കനുസൃതമായി ദീൻ നടപ്പാക്കലാവണം” (ഇസ്‌ലാമിക ശരീഅത്തിന്റെ ലക്ഷ്യങ്ങളും മഹത്വങ്ങളും, പേജ് 76,77).

നാഗരിക വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ തങ്ങളുടെ ചുറ്റുപാടുകൾക്കും അവയുടെ പ്രശ്നങ്ങൾക്കും അനുസൃതമായി, വ്യത്യസ്ത കാല–ദേശങ്ങളിൽ ആഗതരായ പ്രവാചകന്മാർക്ക് ലഭിച്ച ശരീഅത്തുകളിൽ അൽപസ്വൽപം ഭിന്നതകളുണ്ടായിരുന്നു. മുഹമ്മദ് നബിയുടെ ആഗമനത്തോടെ പ്രവാചകത്വപരമ്പര അവസാനിച്ചു. ഇതര ശരീഅത്തുകളെല്ലാം റദ്ദാക്കപ്പെട്ടു. നബി(സ) തിരുമേനിക്കു ശേഷം പുതിയ ഒരു പ്രവാചകനോ ശരീഅത്തോ വരാനില്ല. അവിടുത്തെ ശരീഅത്താണ് കാലാന്ത്യം വരെ മുഴുവൻ മനുഷ്യരാശിയും പിൻപറ്റേണ്ടത്. സ്വാഭാവികമായും മുഴുവൻ മനുഷ്യരാശിയുടെയും പ്രശ്നങ്ങൾക്ക് പരിഹാരമേകുന്ന സമ്പൂർണവും സമഗ്രവുമായ ഒരു ശരീഅത്താണ് അവിടുത്തേക്ക് ലഭിച്ചത്. മുഹമ്മദീയ ശരീഅത്ത് അതിന്റെ സമഗ്ര രൂപത്തിൽ തന്നെ പിൻപറ്റേണ്ടത് മുസ്‌ലിംകളുടെ ബാധ്യതയാണ്.

ഇങ്ങനെ മുഴുവൻ ശരീഅത്തും ഉൾക്കൊള്ളുന്ന ഒരു ദീനിന്റെ സംസ്ഥാപനത്തിനാണ് മുസ്‌ലിംകൾ ചുമതലപ്പെടുത്തപ്പെട്ടിരിക്കുന്നത്. അല്ലാഹു കൽപിക്കുന്നു: “നൂഹിനോടും ഇബ്‌റാഹീമിനോടും മൂസാ, ഈസാ എന്നിവരോടും കൽപിച്ചതും നിനക്ക് ദിവ്യബോധനമരുളിയതുമായ അതേ ദീൻ തന്നെയാണ് അവൻ നിങ്ങൾക്ക് നടപടി മാർഗമായി നിശ്ചയിച്ചുതന്നത്. അതായത്, നിങ്ങൾ ദീനിനെ ശരിക്ക് നിലനിർത്തുക. അതിൽ ഭിന്നിക്കാതിരിക്കുക” (42:13). ഈ വാക്യത്തിന്റെ ആശയം വളരെ സ്പഷ്ടമാണ്. എല്ലാ പ്രവാചകന്മാരും കൽപിക്കപ്പെട്ടത് ഒരേ ദീൻ നിലനിർത്തുന്നതിനു വേണ്ടിയാണ്. ‘ശറഅഃ’ എന്ന പ്രയോഗംതന്നെ നിയമമായി നിശ്ചയിച്ചുതന്ന നടപടി മാർഗം എന്ന ആശയത്തെയാണ് വ്യക്തമാക്കുന്നത്. പരമാധികാരിയായ അല്ലാഹു നിയമദാതാവിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് പുറപ്പെടുവിക്കുന്ന ആജ്ഞയെന്ന നിലക്ക് അതനുസരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടത് അവന്റെ ദാസന്മാരുടെ പ്രാഥമിക ബാധ്യതയാണ്. അതുകൊണ്ടാണ് ഈ ആയത്തിന്റെ അർഥത്തിൽ ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി ‘ശറഅ ലകും മിനദ്ദീനി’ എന്നിടത്ത് ‘ദീൻ’ എന്നതിന് ‘ആയീൻ’ അഥവാ ഭരണഘടന എന്ന് അർഥം കൊടുത്തത്. അധികാര സ്ഥാനത്തുനിന്നും അനുസരിക്കാൻ വേണ്ടി കൽപിച്ചരുളിയ ഭരണഘടനയുടെ സ്ഥാനമാണ് ‘ദീനി’നുള്ളത്. ഇതനുസരിച്ച് എല്ലാ പ്രവാചകന്മാർക്കും നൽകിയ ദീൻ പൊതുവിൽ ഒന്നായിരുന്നുവെങ്കിലും ഓരോ പ്രവാചകനും ലഭിച്ച വ്യത്യസ്ത ശരീഅത്തുകൾ അത് പ്രവാചകന്മാരുടെ അനുയായികളെ സംബന്ധിച്ചേടത്തോളം അനുസരിച്ച് നടപ്പാക്കുകയെന്നത് നിർബന്ധമാണ്. ‘അഖീമുദ്ദീന’ എന്ന കൽപന അതാണ് വ്യക്തമാക്കുന്നത്. അറിയപ്പെട്ട എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും ഇതേ അർഥംതന്നെയാണ് പ്രസ്തുത വാക്യത്തിനു നൽകിയിരിക്കുന്നത്. ഇമാം ശൗക്കാനി തന്റെ സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ *ഫത്ഹുൽ ഖദീറി*ൽ എഴുതുന്നു: “പിന്നീട് ഈ പ്രവാചകന്മാർക്ക് (മൂസാ, ഈസാ, ഇബ്‌റാഹീം, നൂഹ് എന്നിവർക്ക്) നൽകിയ കൽപന വിശദീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: ‘അൻ അഖീമുദ്ദീന’ അതായത് അല്ലാഹുവിന്റെ ഏകത്വവും അവനിലുള്ള വിശ്വാസവും അവന്റെ പ്രവാചകന്മാരെ അനുസരിക്കലും അവന്റെ ശരീഅത്തുകൾ സ്വീകരിക്കലുമാണ്.... ഖത്താദഃ പറഞ്ഞു: ഹലാലിനെ ഹലാലായും ഹറാമിനെ ഹറാമായും അംഗീകരിക്കലാണുദ്ദേശ്യം. നിങ്ങൾ ഭിന്നിക്കരുത് എന്നു പറഞ്ഞത് തൗഹീദിലും അല്ലാഹുവിലുള്ള വിശ്വാസത്തിലും അവന്റെ പ്രവാചകന്മാരെ അനുസരിക്കുന്നതിലും അവന്റെ ശരീഅത്തുകൾ സ്വീകരിക്കുന്നതിലും നിങ്ങൾ ഭിന്നിക്കരുത് എന്നാണ് (ഫത്ഹുൽ ഖദീർ, ഭാഗം 4). ‘അഖീമുദ്ദീന’ എന്നതിന് ദീനിനെ നിലനിർത്തുക, സംസ്ഥാപിക്കുക എന്നെല്ലാം പണ്ഡിതന്മാർ അർഥം പറഞ്ഞിട്ടുണ്ട്. ‘ഇഖാമത്ത്’ എന്ന ധാതുവിന് ഭാഷയിൽ ഈ രണ്ട് അർഥങ്ങളും കാണാം. രണ്ട് അർഥത്തിലും അത് ശരിയുമാണ്. നിലവിലില്ലാത്ത ഒന്നിനെ ആദ്യമായി സംസ്ഥാപിക്കുകയാണ് വേണ്ടത്. സംസ്ഥാപിതമായ ഒന്നിനെ മാത്രമേ നിലനിർത്താനാവൂ. ദീനിനെ സംസ്ഥാപിക്കുകയും തുടർന്ന് നിലനിർത്തുകയും ചെയ്യാൻ തന്നെയാണ് മുസ്‌ലിംകൾ കൽപിക്കപ്പെട്ടിരിക്കുന്നത്.

ഇവ്വിഷയകമായി മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി എഴുതുന്നത് കാണുക: “ഇഖാമത്ത് എന്ന പദം അചേതനമോ സചേതനമോ ആയ ഏതെങ്കിലും വസ്തുക്കളെ കുറിച്ചാണ് ഉപയോഗിക്കുന്നതെങ്കിൽ ഉദ്ദേശ്യം ഇരിക്കുന്നതിനെ എഴുന്നേൽപിക്കുക, വീണുകിടക്കുന്നതിനെ നിവർത്തുക എന്നൊക്കെയാണ്. ഉദാഹരണം: മനുഷ്യനെയോ മൃഗത്തെയോ എഴുന്നേൽപിക്കുക, തൂണ് മുതലായവ നിവർത്തിവെക്കുക, ചിതറിക്കിടക്കുന്ന വസ്തുക്കൾ അടുക്കിവെച്ച് ഉയർത്തുക എന്നും ഉദ്ദേശ്യമാകാം. എന്നാൽ ആശയപരമായ ഒന്നിനെ സംബന്ധിച്ചാണ് ‘ഇഖാമത്ത്’ എന്ന പദം ഉപയോഗിക്കുന്നതെങ്കിൽ അതിന്റെ ഉദ്ദേശ്യം ആ സംഗതിയെ പ്രബോധനം ചെയ്യുക മാത്രമല്ല; മറിച്ച്, അതനുസരിച്ച് യഥാവിധി പ്രവർത്തിക്കുകയും അതിനെ പ്രാവർത്തികമാക്കുകയുമാണ്. ഉദാഹരണമായി, ഇന്നയാൾ തന്റെ ആധിപത്യം സ്ഥാപിച്ചു (ഇഖാമത്ത് ചെയ്തു) എന്നു പറഞ്ഞാൽ തന്റെ ആധിപത്യത്തിലേക്ക് ക്ഷണിച്ചു എന്നല്ല, തന്റെ രാജ്യത്തെ ജനങ്ങളെ അയാൾ തന്റെ ആജ്ഞാനുവർത്തികളാക്കുകയും രാജ്യത്തെ എല്ലാ വ്യവസ്ഥകളും തന്റെ ഉത്തരവുകൾക്കനുസരിച്ച് നടക്കുംവിധം ഭരണകൂടത്തിന്റെ എല്ലാ വകുപ്പുകളും വ്യവസ്ഥപ്പെടുത്തുകയും ചെയ്തു എന്നാണുദ്ദേശ്യം. അപ്രകാരം രാജ്യത്ത് കോടതി സ്ഥാപിച്ചു എന്നു പറഞ്ഞാൽ നീതിനിർവഹണത്തിനുവേണ്ടി ജഡ്ജിയെ നിശ്ചയിക്കുകയും അദ്ദേഹം വിചാരണ കേൾക്കുകയും വിധി പ്രസ്താവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്നല്ലാതെ നീതിയുടെ ഗുണഗണങ്ങളെ സംബന്ധിച്ച് അദ്ദേഹം ഉജ്ജ്വല ഭാഷണം നടത്തുന്നു എന്ന് അതിന് അർഥമില്ല. അതുപോലെ നമസ്കാരം നിലനിർത്തുക എന്ന ഖുർആന്റെ കൽപനകൊണ്ടുദ്ദേശിക്കുന്നത് നമസ്കാരത്തിലേക്ക് ക്ഷണിക്കുകയല്ല, നമസ്കാരത്തെ അതിന്റെ എല്ലാ നിബന്ധനകളോടും കൂടി നിർവഹിക്കുന്നതോടൊപ്പം സത്യവിശ്വാസികളിൽ വ്യവസ്ഥാപിതമായി അത് നടപ്പിലാക്കാൻ ശ്രമിക്കുക കൂടിയാണ്– പള്ളികൾ ഉണ്ടായിരിക്കണം; ജുമുഅയും ജമാഅത്തും നടത്തണം; സമയനിഷ്ഠയോടെ ബാങ്ക് വിളിക്കണം; ഇമാമിനെയും ഖത്വീബിനെയും നിയമിക്കണം; ജനങ്ങൾ സമയത്തിന് പള്ളിയിൽ വന്ന് നമസ്കരിക്കുന്ന പതിവുണ്ടായിത്തീരണം. ഇത്രയും വിശദീകരിച്ചതിൽനിന്ന് ദീൻ സംസ്ഥാപിക്കാനും നിലനിർത്താനും പ്രവാചകന്മാർക്ക് നൽകിയ കൽപനയുടെ താൽപര്യം അവർ സ്വയം ആ ദീനനുസരിച്ച് നടക്കുക എന്നത് മാത്രമായിരുന്നില്ല. ദീനിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നത് മാത്രവുമായിരുന്നില്ല. മറിച്ച്, ജനങ്ങൾ അദ്ദേഹത്തെ അംഗീകരിക്കുമ്പോൾ ദീനിനെ സമ്പൂർണമായി അവരിൽ നടപ്പിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതുകൂടിയാണെന്ന് മനസ്സിലാവുന്നു. ഈ കൃത്യത്തിന്റെ അനിവാര്യമായ ആരംഭദശയാണ് പ്രബോധന പ്രചാരണങ്ങൾ എന്ന കാര്യത്തിൽ

സംശയമില്ല. അതില്ലാതെ രണ്ടാമത്തെ ഘട്ടം ഉണ്ടാവുകയില്ല. എന്നാൽ ഈ കൽപനയിൽ പ്രബോധന പ്രചാരണങ്ങളെ ലക്ഷ്യമായി പരിഗണിച്ചിട്ടില്ല എന്ന് ബുദ്ധിയുള്ള ആർക്കും മനസ്സിലാക്കാവുന്നതാണ്. മറിച്ച്, ദീനിനെ സംസ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനെയാണ് ലക്ഷ്യമായി കണക്കാക്കിയിരിക്കുന്നത്. പ്രബോധനവും പ്രചാരണവും ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള മാർഗമാണെന്നത് തീർച്ച. എന്നാൽ അതിനെ പ്രവാചകദൗത്യത്തിന്റെ ഏക ലക്ഷ്യമായി ഗണിക്കുന്നത് ശരിയല്ല" (*തഫ്ഹീമുൽ ഖുർആൻ* വാള്യം 4).

എല്ലാ പ്രവാചകന്മാർക്കും പൊതുവായി നൽകപ്പെട്ട ദീനിന്റെ അടിസ്ഥാനങ്ങൾ നിലനിർത്താൻ മാത്രമേ മുസ്‌ലിംകൾ കൽപിക്കപ്പെട്ടിട്ടുള്ളൂവെന്നും ഇഖാമത്തുദ്ദീനിനെ പരാമർശിക്കുന്ന ആയത്ത് അതാണ് സൂചിപ്പിക്കുന്നതെന്നും പറയുന്നത് യുക്തിക്കോ പ്രമാണങ്ങൾക്കോ നിരക്കാത്ത അതിബാലിശമായ ഒരു വാദമാണ്. ദീൻ മാത്രമാണ് നിലനിർത്താൻ കൽപിക്കപ്പെട്ടത് എന്നും ദീനിൽ ശരീഅത്ത് പെടുകയില്ലെന്നും പറയുന്നവർ ഭയങ്കരമായ അപകടത്തിലാണ് ചെന്നു ചാടുന്നത്. ശരീഅത്ത് നിലനിർത്താൻ മുസ്‌ലിംകൾ ബാധ്യസ്ഥരല്ലെങ്കിൽ ശരീഅത്തിന്റെ പേരിൽ മുറവിളികൂട്ടാനോ ശരീഅത്ത് ഭേദഗതിയിൽ സങ്കടപ്പെടാനോ ഇക്കൂട്ടർക്ക് എന്തവകാശം? ദീൻ നിലനിർത്തുകയെന്നത് മാത്രമാണ് ബാധ്യതയെന്നും ശരീഅത്തിന്റെ സംസ്ഥാപനത്തിൽ തങ്ങൾക്ക് ചുമതലയൊന്നുമില്ലെന്നും മുസ്‌ലിംസമൂഹം ധരിച്ചുവശാവുന്ന പക്ഷം ഏതാനും വിശ്വാസകാര്യങ്ങളും ആരാധനകളും ധാർമിക നിയമങ്ങളും മാത്രം പരിഗണിച്ച് ജീവിക്കുകയും ശരീഅത്തിന്റെ സമഗ്രവ്യവസ്ഥ അപ്പാടെ തള്ളിക്കളയുകയും ചെയ്യുന്ന സ്ഥിതിവിശേഷം വരെ ചെന്നെത്തും. ദീനിൽനിന്ന് ശരീഅത്തിനെ വെട്ടിമാറ്റാനുള്ള ഈ നീക്കം ഇസ്‌ലാമിന്റെ കടക്ക് കത്തിവെക്കുന്ന ഏർപ്പാടാണ്. ഇവിടെ മൗലാനാ മൗദൂദിയെപ്പോലുള്ളവർ സാങ്കേതിക ശബ്ദങ്ങളെന്ന നിലയിൽ ദീനിനും ശരീഅത്തിനും വ്യത്യസ്ത വിവക്ഷയാണുള്ളതെന്ന് *ഖുത്ബാത്തി*ലും *ഇസ്‌ലാംമത*ത്തിലും മറ്റും ചൂണ്ടിക്കാണിച്ചത് എടുത്തുകാട്ടി ആശയക്കുഴപ്പമുണ്ടാക്കാൻ ചിലർ ശ്രമിക്കാറുണ്ട്. ദീൻ എന്നു പൊതുവിൽ പ്രയോഗിക്കുമ്പോൾ ദീനുൽ ഇസ്‌ലാമാണ് ഉദ്ദേശ്യം. 'അല്ലാഹുവിങ്കൽ ദീൻ ഇസ്‌ലാമാണ്' എന്ന ഖുർആൻ വാക്യം അതാണർഥമാക്കുന്നത്. ശരീഅത്ത് ദീൻ മുഴുവൻ ഉൾപ്പെടുന്നില്ലെന്നും, അതിന്റെ ഒരു ഭാഗം മാത്രമാണെന്നും ശരീഅത്തിന്റെ വിശദാംശങ്ങളിൽ പ്രവാചകന്മാർക്കിടയിൽ ചില ഭിന്നതകളുണ്ടായിരുന്നതുപോലെ ഗവേഷണത്തിനു പഴുതുള്ള ശരീഅത്ത് നിയമങ്ങളിൽ മുസ്‌ലിംകൾക്കിടയിലും ഭിന്നാഭിപ്രായങ്ങൾ ആകാമെന്നും അതിന്റെ പേരിൽ മുസ്‌ലിംസമൂഹത്തിന്റെ ഐക്യം തകർക്കരുതെന്നും ചൂണ്ടിക്കാണിക്കുകയായിരുന്നു അവിടെ. ദീനിൽ ശരീഅത്ത് പെടുകയില്ലെന്നും ഇഖാമത്ത് ചെയ്യാൻ കൽപിച്ചത് ദീനിന്റെ അടിസ്ഥാനങ്ങൾ മാത്രമാണെന്നും മൗലാനാ മൗദൂദിയോ ലോകം അംഗീകരിച്ച മറ്റേതെങ്കിലും പണ്ഡിതനോ പറഞ്ഞതായി കാണുകയില്ല.

സർവോപരി വിശുദ്ധ ഖുർആന്റെയും പ്രവാചക വചനങ്ങളുടെയും ഖണ്ഡിതമായ പരാമർശങ്ങൾക്ക് നിരക്കാത്തതാണ് ഈ വാദം. ദീനും ശരീഅത്തും സാങ്കേതികമായി രണ്ടാണ് എന്ന് വാദിക്കുന്നവർക്ക് പോലും നമസ്കാരം, സകാത്ത് തുടങ്ങിയ മൗലിക സ്തംഭങ്ങൾ ദീനിൽ പെട്ടതാണെന്ന കാര്യത്തിൽ അഭിപ്രായാന്തരത്തിനിടയില്ല. വ്യത്യസ്ത ശരീഅത്തുകളിൽ ഇവയുടെ രൂപങ്ങളും വിശദാംശങ്ങളും മാത്രം വ്യത്യസ്തമായിരുന്നുവെന്നതാണ് വസ്തുത. നമസ്കാരത്തിന്റെ രൂപം, ഖിബ്‌ല, സമയം, സകാത്തിന്റെ വിഹിതം, വ്യവസ്ഥകൾ തുടങ്ങി വ്യത്യസ്ത ശരീഅത്തുകളിൽ ഭിന്നമായ നിയമങ്ങളുണ്ടായിട്ടും അവ ദീനിൽ പെട്ടതാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. വിശുദ്ധ ഖുർആനും വ്യക്തമായി തന്നെ ഇക്കാര്യം പരാമർശിച്ചത് കാണാം.

ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത് തുടങ്ങി ശരീഅത്തിൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങൾ എണ്ണിപ്പറഞ്ഞശേഷം അല്ലാഹുവിന്റെ ദീൻ എന്നാണ് പരാമർശിച്ചിരിക്കുന്നത്. വ്യഭിചാരത്തിനുള്ള ശിക്ഷയെ പരാമർശിച്ച ഭാഗത്തും അല്ലാഹുവിന്റെ ദീൻ നടപ്പിൽവരുത്തുക എന്നാണ് പറഞ്ഞത്. യൂസുഫ് നബിയുടെ കഥ പറയുന്ന ഭാഗത്ത് അദ്ദേഹം തന്റെ സഹോദരനെ തടഞ്ഞുവെച്ച നടപടിയെപ്പറ്റി രാജാവിന്റെ ദീൻ എന്നു പ്രയോഗിച്ചിരിക്കുന്നു. ഇവിടെയൊക്കെ സിവിൽ, ക്രിമിനൽ നിയമങ്ങൾ ഉൾപ്പെടെയുള്ള ശരീഅത്തിന്റെ വിശദാംശങ്ങൾ ദീനായാണ് ഖുർആൻ എണ്ണിയത്.

ഇനി, മറ്റൊരു വശം ആലോചിച്ചു നോക്കുക. ദീനിൽ നിഷിദ്ധമായി കൽപിച്ചതും പ്രവർത്തിച്ചാൽ നരകശിക്ഷ അനുഭവിക്കേണ്ടിവരുന്നതുമായ ഒട്ടേറെ പാപങ്ങൾ വിശുദ്ധ ഖുർആനിലും പ്രവാചകാധ്യാപനങ്ങളിലും കാണാം. വ്യഭിചാരം, സത്യവിശ്വാസിയെ വധിക്കൽ, അനാഥരുടെ സ്വത്ത് അപഹരിക്കൽ തുടങ്ങിയവ ഉദാഹരണം. അപ്രകാരംതന്നെ മാതാവ്, സഹോദരി, മകൾ എന്നിവരുമായുള്ള വിവാഹം; മദ്യപാനം, മോഷണം കള്ളസാക്ഷ്യം തുടങ്ങിയവയും അതുപോലെ വിശുദ്ധ ഖുർആൻ തന്നെ വ്യക്തമായി വിധിവിലക്കുകൾ നൽകുന്ന ഒട്ടനേകം നിയമനിർദേശങ്ങളും ദീനിൽ പെടുന്നില്ലെന്നാണ് വാദമെങ്കിൽ അതിന്റെ അർഥം ആവശ്യമില്ലാത്തതും നടപ്പാക്കാൻ ഉദ്ദേശ്യമില്ലാത്തതുമായ കുറേ നിയമങ്ങൾ ഖുർആനിലുണ്ടെന്നാണ്.

ഒരു ഭരണകൂടത്തിനു മാത്രം ചെയ്യാൻ കഴിയുന്ന ഒട്ടേറെ നിയമനിർദേശങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം. സകാത്തിന്റെ കാര്യക്ഷമമായ ശേഖരണ–വിതരണം, പലിശ സംബന്ധിച്ച നിയമങ്ങൾ, പ്രതിക്രിയാ വിധികൾ, മോഷണത്തിനും വ്യഭിചാരത്തിനുമുള്ള ശിക്ഷകൾ ഇവയെല്ലാം ഇക്കൂട്ടത്തിൽ പെടുന്നു. തങ്ങൾ അകപ്പെട്ട അനിസ്‌ലാമിക വ്യവസ്ഥയിൽ നോമ്പും നമസ്കാരവും ധാർമിക മര്യാദകളും പാലിച്ച് ജീവിക്കാൻ വിധിക്കപ്പെട്ട ഒരു സമൂഹമാണ് മുസ്‌ലിംകളെങ്കിൽ ഈ നിയമങ്ങളത്രയും എന്തിന്? ഇവയെല്ലാം നടപ്പാക്കപ്പെടുന്ന ഒരു വ്യവസ്ഥിതിയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നതെന്നും അതിനു വേണ്ടി പരിശ്രമിക്കൽ മുസ്‌ലികളുടെ ബാധ്യതയാണെന്നും അംഗീകരിക്കാൻ കഴിയാത്തയാളെ എങ്ങനെ ഇസ്‌ലാമിനോട് കൂറുള്ളവനായി ഗണിക്കാൻ കഴിയും? ഇവയൊക്കെ ദീനിന്റെ ഭാഗവും അവ നടപ്പാക്കൽ മുസ്‌ലിംകളുടെ ബാധ്യതയുമാണെങ്കിൽ അതുതന്നെയാണ് ഇഖാമത്തുദ്ദീൻ. എല്ലാറ്റിലും ഉപരി പ്രവാചകൻ തിരുമേനി(സ)യുടെ ഇരുപത്തിമൂന്നു വർഷത്തെ പ്രവാചകത്വ ജീവിതം തന്നെ ഈ വാദത്തിന്റെ വ്യക്തമായ ഖണ്ഡനമാണ്. വിശ്വാസ കാര്യങ്ങൾ, ആരാധനാ മുറകൾ, സാംസർഗിക നിയമങ്ങൾ എന്നു തുടങ്ങി സാമ്പത്തിക സാമൂഹിക നിയമങ്ങൾ, യുദ്ധം, സന്ധി എന്നിവവരേക്കുമുള്ള സമഗ്രമായ ഒരു വ്യവസ്ഥ പ്രായോഗികമായി സ്ഥാപിക്കുകയാണ് അവിടുന്ന് ചെയ്തത്. നബി(സ) തിരുമേനിയുടെ പ്രവർത്തനങ്ങൾ മുഴുക്കെ ഇഖാമത്തുദ്ദീനിന്റെ ഭാഗമായിരുന്നു. ഖുർആനും സുന്നത്തും പൂർവ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും പരിശോധിച്ചാൽ ഇതിനെതിരായ ഒരു തെളിവും ലഭിക്കുകയില്ല. ■